# ഭാഷ, നവോത്ഥാനം, ജനാധിപത്യം

## ഡോ.പി.പവിത്രൻ

ഡോ. അന്നം സിനി എ.പി.
അസി.പ്രൊഫസർ,
ലിറ്റിൽ ഫ്ലവർ കോളേജ്,
ഗുരുവായൂർ

- ഭാഷ ജന്മസിദ്ധമല്ല. സാമൂഹ്യ മായ ഒരു ശേഷിയാണ്.
- ഭാഷയും നവോത്ഥാനവും ജനാധിപത്യവും തമ്മിൽ ഏറ്റവും കൂടുതൽ ബന്ധം സൂക്ഷിക്കപ്പെടുന്നത് കേരളത്തിലാണ്
- മലയാളം എല്ലാ മതവിശ്വാസികളുടെയും ഭാഷയാണ്.
- ലോകത്തെ ആദ്യത്തെ 35 ഭാഷകളിൽ മൂന്നിലൊന്നും ഇന്ത്യൻ ഭാഷകളാണ്.
- ഹിന്ദിയുടെ സ്ഥാനം ഇംഗ്ലീഷിനും മേലെയാണ്.
- ദക്ഷിണേന്ത്യയിൽ ഏറ്റവുമധികം ആളുകൾ സംസാരിക്കുന്ന സംസ്ഥാന ഭാഷ മലയാളമാണ്
- മാതൃഭാഷ ഒരു നവോത്ഥാന സങ്കല്പമാണ്.

- മാതൃഭാഷ ജനിതക സങ്കല്പമല്ല, സാമൂഹ്യ സങ്കല്പമാണ്.

1. അമ്മയിൽ നിന്ന് ജനിതകമായി കൈമാറി വരുന്നതല്ല.
2. ജനിതകമാണെന്ന ധാരണ – മണ്ണിൻ്റെ മക്കൾ വാദം, മറ്റ് ജനതകൾക്കെതിരായ യുക്തി, ഭാഷാ വാദ പാരമ്പര്യത്തിലൂന്നിയ യുക്തി. മാതൃഭാഷാ ഫാസിസ്റ്റ് യുക്തി
3. ജനാധിപത്യവത്ക്കരണത്തിൻ്റെയും വ്യക്തി സാമൂഹ്യവത്ക്കരണത്തിൻ്റെയും അനിവാര്യമായ ഉപാദിയാണ് മാതൃഭാഷയ്ക്കു വേണ്ടിയുള്ള വാദം.
4. ഏത് ഭാഷയാണോ ശിശു തൊട്ടടുത്ത സാഹചര്യങ്ങളിൽ നിന്ന് ആർജ്ജിക്കുന്നത് ആ ഭാഷയാണ് മാതൃഭാഷ
5. വ്യക്തിപരിസരമല്ല. സാമൂഹ്യ പരിസരമാണ് ഒരുഭാഷയെ മാതൃഭാഷയാക്കുന്നത്.
6. ന്യൂനപക്ഷ മാതൃഭാഷ –സാമൂഹ്യ പദവി ആർജ്ജിക്കുക
7. ആദിവാസി ഭാഷ മാതൃഭാഷ

# • ദാന്തേ – ഡി വൾഗാരി ഇലക്വൻഷ്യ (1529)

1. മാതൃഭാഷ – നിർവ്വചനം

ഏതൊരു ഭാഷയാണോ നാം ശിശുക്കളായിരുന്ന കാലത്ത് നമ്മുടെ ആയമാർ നമ്മോട് സംസാരിച്ചിരുന്നത് ആ ഭാഷയാണ് മാതൃഭാഷ

2. ലത്തീനല്ല ഇറ്റാലിയനാണ് മാതൃഭാഷ –

ദൈവികവും ഉദാത്തവുമായി കണക്കാക്കിയ ലത്തീൻ ഭാഷയെ ദാന്തേ തള്ളുന്നു.

3. ദേശ്യഭാഷയെ അംഗീകരിക്കുന്നിടത്ത് നവോത്ഥാനം ആരംഭിക്കുന്നു. – സാഹിത്യ ഭാഷയും വിജ്ഞാന ഭാഷയുമാക്കുന്നു.

4. ബൈബിൾ പ്രാദേശിക ഭാഷകളിലേക്ക് വിവർത്തനം ചെയ്തപ്പോഴാണ് മതനവീകരണം ആരംഭിക്കുന്നത്. –ലൂഥറൻ വിപ്ലവം
5. ഭക്തി ജനാധിപത്യപരം – ഇന്ത്യയിലെ ഭക്തി പ്രസ്ഥാന കാലം.
6 യൂറോപ്യൻ ഭാഷകളുടെ വികാസം – യുക്തിപരമായ പ്രബുദ്ധത, ശാസ്ത്ര ബോധം, അപമിത്തീകരണവും പോപ്പിൽ നിന്നുള്ള സ്വാതന്ത്ര്യവും ‘ജനാധിപത്യപരമായ ആധുനിക ദേശീയതകളും
7. ഭാഷ സാമൂഹ്യവും അബോധാത്മകവുമാണ്.
8. ഭാഷ സൗന്ദര്യാത്മകവും വൈകാരികവുമാണ്.

- പ്രബുദ്ധതയും ലോക ഭാഷയ്ക്കായുള്ള അന്വേഷണവും

1. പ്രബുദ്ധതാ ഘട്ടം

2 കാര്യങ്ങൾ.

- സാർവ്വലൗകികമായ ഒരൊറ്റ ഭാഷയ്ക്കു വേണ്ടിയുള്ള അന്വേഷണം
- ഭാഷയെ ആലങ്കാരികതയിൽ നിന്നും വികാരപരതയിൽ നിന്നും സ്വതന്ത്രമാക്കുന്നതിനുള്ള ശ്രമം.

<u>സാർവ്വലൗകികത</u>

- പ്രബുദ്ധതാപരമായ ആധുനികതയുടെ അടിസ്ഥാന സങ്കല്പം
- റെനെ ദെക്കാർത്ത്

ഒരു കൃത്രിമ ഭാഷ സാധ്യമാണ്. അതിന് ആധാരമായിട്ടുള്ള ശാസ്ത്രവും കണ്ടെത്താൻ കഴിയും.. ഈ ഭാഷയുടെ സഹായത്തോടെ വസ്തുതകളുടെ സാരാംശത്തെ പറ്റി യുക്തിചിന്ത നടത്താൻ ഇന്ന് തത്വചിന്തകന്മാർക്ക് കഴിയുന്നതിനേക്കാൾ എളുപ്പത്തിൽ കൃഷിക്കാർക്ക് കഴിയുകയും ചെയ്യും

1. ഗണിതം പോലെ ഭാഷയെ ചിട്ടപ്പെടുത്താമെന്ന ചിന്ത
2. സാർവ്വലൗകിക ഭാഷ - ശാസ്ത്രീയവും മാനവികവുമായ സങ്കല്പനത്തിലേക്കുള്ള സവിശേഷവും യുക്തിപരവുമായ താക്കോൽ

ബേക്കൺ

1. പ്രബുദ്ധതയുടെ ലക്ഷ്യം – ഭാഷയുടെ ആലങ്കാരികതയെ ഒതുക്കുക അതിനെ യുക്തിഭദ്രമാക്കുക
2. പ്രകൃതിയുടെ ഗർഭപാത്രത്തിലേക്ക് കടന്നു ചെന്ന് അതിൻ്റെ ദൈവിക രഹസ്യങ്ങൾ കണ്ടെത്തുക
3. ഭാഷയ്ക്ക് ആ പ്രക്രിയയിൽ റഫറൻഷ്യൽ ധർമ്മ മേയുള്ളൂ
4. ഭാഷ പ്രകൃതിയിലേക്കല്ലാതെ തന്നിലേക്ക് നോക്കരുത്
5. സാർവ്വലൗകികമായ കൃത്രി മ ഭാഷ വേണം
6. ഇച്ഛാശക്തിയെ ബലപ്പെടുത്തുന്നതാകണം അലങ്കാര ഭാഷ

ലിബനിസ്

1. ലോക ഭാഷാ സങ്കല്പം – പൊതുവായ ലോകഭാഷ

ജൊഹാൻ മാർട്ടിൻ ഷ്ളിയർ

1. കത്തോലിക്ക പുരോഹിതൻ - 1879 ൽ വൊളാപുക് എന്ന കൃത്രിമ ഭാഷ ഉണ്ടാക്കാൻ ശ്രമിച്ചു.
2. ഏക വിശ്വാസം പോലെ ഏക ഭാഷയും
3. 4 ദശകത്തോളമുണ്ടായിരുന്ന ഭാഷ 1912ൽ അദ്ദേഹം മരിച്ച് പിന്നാലെ ഇറങ്ങിയ പുസ്തകത്തോടെ മരണമടഞ്ഞു.

## ജോൺ ലോക്ക്

1. ഭാഷയെ അതായി തന്നെ പഠിക്കണം
2. ഭാഷ സവിശേഷമായ മനുഷ്യ പെരുമാറ്റത്തിൻ്റെ മേഖലയാണ്.
3. മനുഷ്യൻ്റെ സ്വയം ശക്തി  സ്രോതസ്സാണ് ഭാഷ
4. ഭാഷയെ വ്യക്തി മനസ്സുമായി ബന്ധിപ്പിക്കുന്നു.
5. യാന്ത്രികതയുടെ ഏകതയെ തള്ളി വ്യക്തി വൈവിധ്യത്തെ അംഗീകരിക്കുന്നു.

## ഭാഷയും അധിനിവേശവും

1. ജനാധിപത്യ വത്ക്കരണത്തിനൊപ്പം ആധിപത്യത്തിനുള്ള ഉപകരണമായി ഭാഷ മാറുന്നു.
2. 1492 ൽ യൂറോപ്യൻ ഭാഷയ്ക്ക് ആദ്യ വ്യാകരണം
3. സ്പാനിഷ് വ്യാകരണഗ്രന്ഥം – ഗ്രമാറ്റിക്ക കാസ്റ്റില്ലാന – അന്റോണിയോ നെ ബ്രിജ – സ്പാനിഷ് ഭാഷയുടെ കാസ്റ്റിലിയൻ രൂപം

അന്റോണിയോ നെ ബ്രിജ

1. ഭാഷയും സാമ്രാജ്യവും സുഹൃത്തുക്കളാണ് –വളരുന്നതും തളരുന്നതും ഒന്നിച്ചാണ്
2. ഭാഷയെ കൃതിമമായി ഉപയോഗിക്കാൻ പഠിപ്പിക്കുന്നു.
3. 3 കാര്യങ്ങൾ ലക്ഷ്യമിടുന്നു.

- രാഷ്ട്രത്തെ മഹത്വവത്ക്കരിക്കൽ
- മനുഷ്യമനസ്സിനെ നന്നാക്കൽ
- ഭാഷയെ മാറ്റമില്ലാതെ നിലനിർത്തൽ

4. സ്പെയിൻ കീഴടക്കുന്ന രാജ്യങ്ങളിലെ ജനങ്ങൾ സ്പാനിഷ് പഠിക്കുക.
– സ്പെയിനിന്റെ നിയമങ്ങൾ അനുസരിപ്പിക്കുക

ഭാഷ രാഷ്ട്രീയത്തിന്റെ വിഷയമായി മാറുന്നു.

# ഭാഷയും ദേശീയതയും

ഭാഷയാണ് ദേശീയതയുടെ മാനദണ്ഡം
മത സമൂഹത്തിൽ നിന്നു ഭിന്നമായി മതേതര ആധുനിക സാമൂഹികതയെ മുന്നോട്ടുവച്ചത് ഭാഷയാണ്
ദൈവവും മനുഷ്യനും തമ്മിലുള്ള ഭാഷയുടെ ലംബ തലത്തിന്  അതിനുപകരം സാമൂഹ്യമായ തിരശ്ചീന തലം വരുന്നു
ഇംഗ്ലണ്ടിൽ ഭാഷ അധിനിവേശവും ആയി ബന്ധപ്പെട്ട് ദേശീയ പ്രശ്നമായിരുന്നു
കോടതിഭാഷ ലാറ്റിനിൽ ശാസ്ത്രഗ്രന്ഥങ്ങൾ ലാറ്റിനിൽ
ഇമ്മാനുവൽ കാൻഡ് ആണ് ജർമൻ ഭാഷയിൽ ശാസ്ത്രവും തത്വശാസ്ത്രവും പഠിപ്പിക്കുന്നത്

# മാതൃ ഭാഷകളും ഇന്ത്യയുടെ ആധുനികരണവും

രണ്ടുതരം പ്രവണതകൾ

കൊളോണിയൽ ആധുനികത
ദേശീയ ആധുനികത

കേരളീയ നവോത്ഥാനം മതാതീതമായ മലയാളി എന്ന  ബോധത്തിൻറെ രൂപീകരണം

മാതൃഭാഷയുടെ പ്രസക്തി
മനസ്സിനെയും ആത്മാവിനെയും സ്പർശിക്കുന്നത് മാതൃഭാഷയാണ്
മാതൃഭാഷ രാഷ്ട്രീയപ്രശ്നം ആകുന്നു
കൊളോണിയലിസത്തിനെതിരെയും സംസ്കൃത കേന്ദ്രിതമായ ബ്രാഹ്മണ കേന്ദ്ര ലോക ബോധത്തിന് എതിരെയും
മെക്കാളയുടെ മിനി റ്റ്സിനെ  മിഷണറിമാർ അംഗീകരിച്ചിട്ടില്ല
ലൂഥറൻ വിപ്ലവം പോലെ

ജോർജ്ജ് മാത്തൻ ഹെർമൻ ഗുണ്ടർട്ട് ജോഹന്നാസ് ഫ്രോൺ മേയർ

# ജോർജ്ജ് മാത്തൻ

1867 ബാലഭ്യസനം -മാതൃഭാഷയിൽ വിദ്യാഭ്യാസം നടത്തുക
കച്ചേരി കളിലെ ഭാഷ മലയാളം ആക്കണം
അധ്വാനമില്ലാതെ മാതൃഭാഷയിൽ പഠിക്കാം
അന്യ ഭാഷ പഠിക്കാൻ എടുക്കുന്ന സമയം മറ്റു കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്താം

മൊഴിക്ക് പദാർത്ഥം കൂടാതെ ഭാവാർത്ഥം ഉണ്ട്
വികാരത്തെ മനസ്സിൽ ജനിപ്പിക്കുന്നതിന് മാതൃഭാഷയോളം  മറ്റൊരു ഭാഷയ്ക്കും സാധിക്കുകയില്ല
ഭരണത്തിലും കോടതിയിലും മാതൃഭാഷ വേണം

# മക്തി തങ്ങൾ

മലയാളം മാതൃഭാഷ മാത്രമല്ല ഈമാൻ നൽകുന്ന ഗുരു ഭാഷയാണ് അത് പഠിച്ചില്ലെങ്കിൽ വേദ അഭ്യാസം ദോഷപ്പെടുന്നു
അറബി പദാർഥം ഗ്രഹിക്കാതെ പഠിപ്പിക്കാൻ ആവില്ല
അങ്ങനെ ചെയ്യുമ്പോൾ അവ നിരർത്ഥകം ആയും ദുരർത്ഥമായും വരുന്നു
അറബി പദത്തിനും മലയാള പദത്തിനും ഉള്ള സാർത്ഥം ഗ്രഹിക്കാൻ ഗുരു ശിഷ്യന്മാർ കാഫിർ ആക്കുന്നു
മലയാളം പഠിക്കുന്നതിൽ മതവിരോധം ഉണ്ട് എന്നുള്ള ധാരണ അഹങ്കാരമാണ്
അതുകൊണ്ട് മുസ്ലിമുകൾക്ക് ഒരു വിഷയത്തെ കുറിച്ച് സംസാരിക്കാൻ കഴിവില്ലാതെ ആവുകയും ചെയ്യുന്നു
അദ്ദേഹം മലയാളം അറബി നിഘണ്ടു തയ്യാറാക്കിയിട്ടുണ്ട്

ശ്രീനാരായണ ഗുരുവിൻറെ ഭാഷാവാദം

നാട്ടുകാർക്ക് മനസ്സിലാകുന്ന മലയാളത്തിൽ സംസാരിക്കുക

സോഷ്യൽ യൂണിയൻ മലയാളിസഭ ആകുന്നു
മലയാളിസഭ മലയാളി മെമ്മോറിയൽ തയ്യാറാക്കുന്നു
ഭാഷാപോഷിണി സഭ പ്രവർത്തനം

## ഭാഷാ പ്രസ്ഥാനത്തിൻറെ വൈജ്ഞാനിക തലം

ഭക്തിഗാനങ്ങളുടെ ഭാഷ മലയാളം
ലീലാതിലകത്തിൽ കേരളമെന്ന അവബോധം രൂപപ്പെടുന്നു
ഭാഷാകൗടലീയം ബ്രഹ്മാണ്ഡപുരാണം ഭാഷാഭഗവത്ഗീത ആയുർവേദം ജ്യോതിശാസ്ത്രം ആലത്തൂർ മണിപ്രവാളം യോഗാമൃതം യുക്തിഭാഷ എന്ന ഗണിത ഗ്രന്ഥം -മലയാളഭാഷയിലെ വൈജ്ഞാനിക ശേഖരം
ഫ്രോൺ മേയർ
എ ആർ രാജരാജവർമ്മ -നാട്ടുഭാഷാവിദ്യാഭ്യാസം
ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ വിമർശിക്കുന്നു
സാങ്കേതികപദങ്ങൾ ഇംഗ്ലീഷിൽ നിന്ന് കടം വാങ്ങാം

# എ ആർ രാജരാജവർമ്മ

- ജനാധിപത്യ വൽക്കരണ ത്തിലേക്ക് ഭാഷയെ എത്തിക്കുന്നു
- തിരുവിതാംകൂർ പാഠപുസ്തക കമ്മിറ്റി യിലൂടെ കേരളവർമ്മയുടെ പ്രവർത്തനത്തിൽ സർവകലാശാല തലത്തിലേക്ക് ഉയർത്തുന്നു
- ആധുനിക ഭാഷയെന്ന നിലയിൽ മലയാളഭാഷയുടെ ആസൂത്രണത്തിന് അടിസ്ഥാന യുക്തികൾ രൂപപ്പെടുത്തുന്നു
- -നാട്ടുഭാഷാവിദ്യാഭ്യാസം
- ഭാഷാ അഭിവൃദ്ധിയും ആയി ബന്ധപ്പെട്ട കാര്യങ്ങൾ മുന്നോട്ടുവയ്ക്കുന്നു
- മലയാളത്തിന്റെ ആധുനികീകരണം ത്തെ കുറിച്ചുള്ള സങ്കല്പങ്ങൾ മുന്നോട്ടുവയ്ക്കുന്നു
- നാട്ടുഭാഷാ പോഷണത്തിന് മലയാളികൾക്കുള്ള അലം ഭാവത്തെ അദ്ദേഹം വിമർശിക്കുന്നു
- ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ വിമർശിക്കുന്നു

- ഇംഗ്ലീഷിൽ പഠിക്കുന്നത് മലയാളത്തിൽ ആക്കുക എന്നുള്ളത് ബുദ്ധിമുട്ടുള്ള വിഷയമല്ല
- പുതിയ ശാസ്ത്രതത്വങ്ങൾ പഠിക്കാനുള്ള പദങ്ങൾ മലയാളത്തിൽ ഇല്ലെങ്കിൽ ആ സാങ്കേതികപദങ്ങൾ ഇംഗ്ലീഷിൽ നിന്ന് കടം വാങ്ങാം
- അല്ലെങ്കിൽ പുതിയ പദങ്ങളെ സൃഷ്ടിക്കാം
- 1892ഇൽ  കൃഷ്ണൻ പണ്ടാലയുടെ രസതന്ത്രം
- 1904ഇൽ  കൃഷിശാസ്ത്രം സ്വദേശാഭിമാനി രാമകൃഷ്ണപിള്ള പുറത്തിറക്കുന്നു
- 1903 ഇൽ ആദ്യ ശാസ്ത്ര മാസികയായ ധന്വന്തരി പുറത്തുവരുന്നു
- മലയാളത്തിലെ ആദ്യത്തെ വിജ്ഞാനകോശമായ സമസ്ത വിജ്ഞാനഗ്രന്ഥാവലി യുടെ ആദ്യത്തെ അഞ്ചു ഭാഗങ്ങൾ ആർ ഈശ്വരപിള്ള 1936- 37ഇൽ പ്രസിദ്ധീകരിച്ചു
- 1950 -73 ഇൽ  വിജ്ഞാനം എന്നപേരിൽ പോപ്പുലർ എൻസൈക്ലോപീഡിയ മാത്യു എം കുഴിവേലി പുറത്തിറക്കുന്നു

- മദിരാശി സർവകലാശാല മലയാളത്തിൽ ശാസ്ത്രഗ്രന്ഥങ്ങൾ പുറത്തിറക്കുന്നതിന് മുൻകൈ എടുക്കുന്നു
- സി എൻ സുബ്രഹ്മണ്യൻ ഹൈസൻ ബെർഗ് പുസ്തകം പരമാണു ശാസ്ത്രമെന്ന പേരിൽ 1962 ഇൽ മദിരാശി സർവകലാശാലയിൽനിന്ന് പുറത്തിറക്കുന്നു
- സി പുരുഷോത്തമനും എം ലീലാവതി യും ചേർന്ന് വിവർത്തനംചെയ്ത സർ ജെയിംസ് ജീൻസിൻറെ അത്ഭുത പ്രപഞ്ചം എന്ന പുസ്തകം 1963ഇൽ  മദിരാശി സർവകലാശാലയിൽനിന്ന് പുറത്തിറങ്ങുന്നു
- ദേശീയ പ്രസ്ഥാനത്തിൻറെ ആശയങ്ങൾ ശക്തിപ്പെടുന്നു 1927ഇൽ സമസ്തകേരളസാഹിത്യപരിഷത്ത് ഭാഷാപോഷണ കൂടി അജണ്ടയായി സ്വീകരിക്കുന്നു
- മതനവീകരണ ഘട്ടം കഴിഞ്ഞ് യുക്തി വാദത്തിലേക്ക് കടക്കുമ്പോഴും മാതൃഭാഷാ വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള വാദം ശക്തിപ്പെടുന്നു

# സഹോദരൻ അയ്യപ്പൻ

- മാതൃഭാഷയിൽ വിദ്യാഭ്യാസം ചെയ്യേണ്ടത് ആവശ്യകത ഊന്നിപ്പറയുന്നു
- 1934ഇൽ മലയാള ഭാഷയുടെ അഭിവൃദ്ധി മാർഗ്ഗം എന്ന ലേഖനം എഴുതുന്നു
- ജനങ്ങൾക്ക് അഭിവൃദ്ധി ഉണ്ടായാലും ഭാഷയ്ക്ക് അഭിവൃദ്ധി ഉണ്ടാകണമെന്നില്ല അഭിവൃദ്ധി ഭാഷയിൽ പ്രതിഫലിപ്പിക്കാനുള്ള സ്വാഭാവിക മാർഗങ്ങൾ അടഞ്ഞുപോകുന്നതുകൊണ്ടാണ്
- സർക്കാർ ഭാഷയും വിദ്യാഭ്യാസ ഭാഷയും ആക്കാൻ മലയാളം പോരാ് എന്നത് അന്ധവിശ്വാസമാണ്
- ഭരണതലത്തിൽ ആഭ്യന്തരമായി എഴുത്തുകൾ ഇംഗ്ലീഷിൽ ആക്കി വെച്ചിരിക്കുന്നത് അനാവശ്യവും ദോഷകരവുമാണ്
- കോടതിഭാഷ സർക്കാർ ഭാഷ എല്ലാം മലയാളത്തിൽ ആകണം അതുവഴി എന്തെങ്കിലും ബുദ്ധിമുട്ട് നേരിടുമെന്ന് ആരെങ്കിലും വിചാരിക്കുന്നു ഉണ്ടെങ്കിൽ അത് അടിസ്ഥാനരഹിതമാണ്
- വിദ്യാഭ്യാസം മാതൃ ഭാഷയിൽ ആകുന്നത് ഭാഷ അഭിവൃദ്ധിക്ക് മാത്രമല്ല വിദ്യാഭ്യാസ അഭിവൃദ്ധിക്കും ആവശ്യമാണ് .മാതൃഭാഷയിൽ കൂടി വിദ്യാഭ്യാസം നടക്കുകയാണ് എളുപ്പം
- റഷ്യൻ സർക്കാർ റഷ്യൻ വിപ്ലവത്തിന് മുൻപ് റഷ്യൻ ഭാഷയിൽ എല്ലാ ദേശക്കാരും വിദ്യാഭ്യാസം നടത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു റഷ്യൻ വിപ്ലവത്തിന് ശേഷം പ്രാദേശിക ഭാഷയിൽ വിദ്യാഭ്യാസമാരംഭിച്ചത് കൊണ്ട് ദേശക്കാർക്ക് വളരെയേറെ അഭിവൃദ്ധി ഉണ്ടായിട്ടുണ്ട്

- പണ്ഡിറ്റ് കറുപ്പൻമാതൃഭാഷാ വിദ്യാഭ്യാസത്തിനും ഭരണഭാഷയും വേണ്ടി ശക്തമായി വാദിച്ചിരുന്നു
- ഇതിൻറെ എല്ലാം പശ്ചാത്തലത്തിലാണ് 1937ഇൽ തിരുവിതാംകൂർ സർവകലാശാല രൂപപ്പെടുന്നത്
- ഇതിൻറെ രൂപന ലക്ഷ്യം തന്നെ മാതൃഭാഷയെ മുൻനിർത്തി വിജ്ഞാനത്തെ വികസിപ്പിക്കുക എന്നതായിരുന്നു
- 1957 ഇൽ ഇഎംഎസിൻറെ ആദ്യ മന്ത്രിസഭ അധികാരമേറ്റപ്പോൾ നടത്തിയ മുഖ്യ പ്രഖ്യാപനം ഭരണവും ഉന്നത വിദ്യാഭ്യാസവും മാതൃഭാഷയിൽ ആക്കും എന്നതായിരുന്നു
- ഭരണഭാഷ മലയാളമാക്കുന്നതിനുള്ള ഭരണ പ്രതിപക്ഷ ഭേദമെന്യേ എല്ലാവർക്കും ഒരേ മനസ്സായിരുന്നു
- ഭരണഭാഷ മലയാളമാക്കുന്നതിനുള്ള ആണെന്നുള്ള അഭിപ്രായ കാർക്ക് മറുപടി നൽകിയത് പനമ്പിള്ളി ഗോവിന്ദമേനോൻ ആണ് .മലയാളത്തിൽ പദകോശം ഇല്ലെന്ന് വാദിച്ചവർക്കും അദ്ദേഹം മറുപടി നൽകി
- കോമാട്ടിൽ അച്യുതമേനോൻ കമ്മീഷനെ സർക്കാർ നിയോഗിക്കുന്നു
- 1969ഇൽ ഭരണഭാഷാ പ്രഖ്യാപനം വരുന്നു
- 1973 ഇൽ കോടതി ഭാഷ മലയാളം ആക്കുക അതിന് ഉത്തരം ഉണ്ടാകുന്നു
- ഇതാ അവഗണിക്കപ്പെട്ട പോൾ 1985 ജസ്റ്റിസ് കെ കെ നരേന്ദ്രൻ നേതൃതത്തിൽ കമ്മിറ്റിയെ നിയോഗിക്കുന്നു